എന്നി റോഡുകളും പുനരുദ്ധരിച്ചിട്ടുണ്ട്. മേൽ റോഡുകൾക്കായി 16,65,684-രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്. കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിൽ നായാടി കോളനി, കുന്നുപുറം കോളനി എന്നി റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് 1,50,000 രൂപയും ചെലവഴിച്ചിട്ടുണ്ട്. പാലക്കാട് നഗരസഭയിൽ 2010-11 വർഷത്തിൽ റോഡ് പുനരുദ്ധാരണ പദ്ധതികൾ ഒന്നും തന്നെ പൂർത്തീകരിച്ചിട്ടില്ലാത്തതാണ്.

(സി) കുഴികൾ നികത്തുക, തകർന്നുപോയ ഭാഗം പൂർവ്വസ്ഥിതിയിലാക്കുക മുതലായ അറ്റകുറ്റപ്പണികളും റീടാറിംഗ് പ്രവൃത്തികളും നിലവിലുള്ള മെറ്റൽ റോഡുകളുടെ ടാറിംഗ് പ്രവൃത്തികളും റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) വികസന ഫണ്ട് വിഹിതത്തിന്റെ പശ്ചാത്തല മേഖലാ വിഹിതം, റോഡ് മെയിന്റനൻസ് ഫണ്ട്, തനത്/ജനറൽ പർപ്പസ് ഫണ്ട് മിച്ചം എന്നീ സ്രോതസ്സുകളിൽ നിന്നാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖ്യമായും ഈ പദ്ധതിക്ക് ഫണ്ട് കണ്ടെത്തുന്നത്. 2010-11-ലെ റോഡിതര മെയിന്റനൻസ് ഫണ്ടിന്റെ 20 ശതമാനം തുക വിനിയോഗിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കുള്ള അധിക വിഹിതമായി സംസ്ഥാനാടിസ്ഥാനത്തിൽ 283.66 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ഇ) കാലതാമസം കൂടാതെ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിയുടെ മുൻകൂർ അനുമതി ആവശ്യമില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സാങ്കേതികാനുമതി വാങ്ങി നിർവ്വഹണ നടപടികൾ ആരംഭിക്കാവുന്നതാണ്.

കുട്ടനാട്ടിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഫണ്ട്

199 (491) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഫണ്ട് എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രാമീണ റോഡുപുനരുദ്ധാരണ പദ്ധതിയിൽ കുട്ടനാട്ടിലെ ഏതെല്ലാം റോഡുകളാണ് ഉൾപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കുട്ടനാട്ടിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് ജില്ലാ പഞ്ചായത്ത് വിഹിതമായി 2,05,09,739 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) (1) പള്ളുരുത്തി ആര്യൻതോട് മുതൽ തോട്ടുവാത്തല വരെ റോഡ് - കൈനകരി ഗ്രാമപഞ്ചായത്ത്.

LIBRARY ARCHIVES Kerala Legislative Assembly

(2) പൊങ്ങ കരുമാടി റോഡ് തത്തേരിപ്പാലം മുതൽ തോട്ടേക്കാട് പാലം വരെ റോഡ് പുനരുദ്ധാരണവും തോട്ടേക്കാട് പാലത്തിന്റെ അപ്രോച്ച് റോഡും - തകഴി ഗ്രാമപഞ്ചായത്ത്.

(3) നീലംപേരൂർ നാരകത്തറ ചെമ്മനാകരി റോഡ് - നീലംപേരൂർ ഗ്രാമപഞ്ചായത്ത്.

(4) തലവടി എ.എ. റോഡ് ആമ്പയിൽ മുക്ക് - തലവടി ഗ്രാമപഞ്ചായത്ത്.

(5) കുറ്റിക്കാടൻ പക്കൽ വലയൻകടവ് റോഡ് - ചമ്പക്കുളം ഗ്രാമപഞ്ചായത്ത്.

(6) തകഴി ഹോസ്പിറ്റൽ റോഡ് - തകഴി ഗ്രാമപഞ്ചായത്ത്.

(7) നെടുമുടി ചാവറ റോഡ് - നെടുമുടി ഗ്രാമപഞ്ചായത്ത്.

(8) കാവാലം കാവുംപടി മട്ടാഞ്ചേരി റോഡ് - കാവാലം ഗ്രാമപഞ്ചായത്ത്.

(9) ഗുരുദേവ് ജംഗ്ഷൻ മുതൽ മുപ്പത്തഞ്ചിൽ - പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത്.

(10) എട്ടിൽപ്പാലം മുതൽ പുത്തൻതുരുത്ത് വരെ റോഡ് - പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത്.

(11) നീലംപേരൂർ കൃഷ്ണപുരം റോഡ് - നീലംപേരൂർ ഗ്രാമ പഞ്ചായത്ത്.

ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ഏറ്റെടുത്ത റോഡ് പ്രവൃത്തികളുടെ വിവരം ശേഖരിച്ചുവരുന്നു.

(സി) മേൽപ്പറഞ്ഞ റോഡുകളിൽ ഇനം നമ്പർ 1 മുതൽ 6 വരെ റോഡുകളുടെ കാര്യത്തിൽ കരാർ വച്ച് പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

200 (492) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) എത്ര കോടി രൂപയുടെ പണികളാണ് ഈ പദ്ധതി പ്രകാരം നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly